# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2264** | **05/12/2018-ൽ മറുപടിക്ക്**

### ആയുർവേദ ഔഷധങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഉമ്മർ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിൽ ഉത്പാദിപ്പിക്കുന്ന ആയുർവേദ ഔഷധങ്ങൾക്ക് അന്തർദേശീയ കമ്പോളത്തിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ല എന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) പരിശോധിച്ചിട്ടില്ല. |
| ബി) നിയന്ത്രിത ഫെർമെന്റേഷനും മറ്റ് സങ്കേതങ്ങളും ഉപയോഗപ്പെടുത്തി തദ്ദേശീയ ആയുർവേദ ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | ബി) ലൈസൻസുള്ള ആയുർവേദ ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം ഷെഡ്യൂൾ ടി നിലവാരം ഉറപ്പാക്കി ജി.എം.പി സർട്ടിഫിക്കറ്റ് നേടിയാണ് പ്രവർത്തിക്കുന്നത്. ഇത്തരത്തിലുള്ള ഔഷധ നിർമ്മാണ സ്ഥാപനങ്ങൾ നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സ്വന്തം ലബോറട്ടറി സംവിധാനം ഉപയോഗിക്കുകയോ അംഗീകൃത ആയുഷ് അപ്രൂവ്ഡ് ലാബിന്റെ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുകയോ ചെയ്യുന്നുണ്ട്. കേരളത്തിൽ ആയുർവേദ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സമയബന്ധിതമായി നിർമ്മാണ സ്ഥാപനങ്ങൾ പരിശോധിച്ച് നിർമ്മിക്കുന്ന ഉത്പന്നങ്ങളുടെയും ചേർക്കുന്ന അസംസ്കൃത വസ്തുക്കളുടെയും സാമ്പിളുകൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേയ്ക്ക് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. കൂടാതെ ആയുർവേദ ഔഷധ വിൽപ്പന കേന്ദ്രങ്ങളും പരിശോധിച്ച് ഉത്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. ഗുണനിലവാരം ഇല്ലാത്ത ഔഷധം നിർമ്മിച്ച സ്ഥാപനത്തിനെതിരെ നിയമനടപടിയും വകുപ്പ് സ്വീകരിക്കാറുണ്ട്. |
| സി) സംസ്ഥാനത്ത് ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) ആയുർവേദവും ആധുനിക ജൈവ-സാങ്കേതികവിദ്യയും ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുവേണ്ടി അന്തർദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുന്ന പദ്ധതിക്കായി സർക്കാർ |

അനുമതി നൽകുകയും ആയതിനായി 2016-2017-ൽ 50 ലക്ഷം രൂപയും 2017-2018 ൽ 500 ലക്ഷം രൂപയും, 2018-2019 ൽ 600 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ ഒരു വിദഗ്ധ സമിതിയെ രൂപീകരിക്കുകയും, നാഷണൽ ആയുഷ് മിഷനെ ഈ പദ്ധതിയുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നിയമിക്കുകയുണ്ടായി. 20.03.2017 ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ) നമ്പർ 09/2017/ആയുഷ് പ്രകാരം കണ്ണൂർ ജില്ലയിൽ പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉത്തരവ് നൽകി. ടി പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) സമർപ്പിക്കുന്നതിന് കിറ്റ്കോയെന്ന ഒരു ഏജൻസിയെ നാഷണൽ ആയുഷ് മിഷൻ തിരഞ്ഞെടുക്കുകയും ആയതിനുള്ള അനുമതി സർക്കാർ നൽകുകയും ചെയ്തു. കൂടാതെ കണ്ണൂർ ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കല്യാട് വില്ലേജിൽ ടി പദ്ധതിയ്ക്കായി കണ്ടെത്തിയ 311.76 ഏക്കർ സ്ഥലത്തിൽ 36.56 ഏക്കർ സർക്കാർ ഭൂമി ഉൾപ്പെടെ ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കൈമാറ്റം ചെയ്യുന്നതിനും ബാക്കിയുള്ള സ്ഥലം ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**